# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 491 01.12.2015 ൽ മറുപടിക്ക്

### റയിൽവേ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>,, എം.ഉമ്മർ<br>,, പി.ബി. അബ്ദുൾ റസാക്<br>,, അബ്ദുറഹിമാൻ രണ്ടത്താണി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റയിൽവേ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ച പണം വളരെക്കുറച്ചേ ചെലവാക്കിട്ടുള്ളൂ എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ റയിൽവേ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ച പണം ചില പ്രവൃത്തികൾക്ക് വളരെ കുറച്ചേ ചെലവാക്കിയിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അതെക്കുറിച്ചുള്ള വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ചില പ്രവൃത്തികൾക്ക് സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നൽകുന്നതിന് ഉണ്ടായ തടസ്സങ്ങളും ചില പ്രവൃത്തികളുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിലപാടും ഇതിന് കാരണമായിട്ടുണ്ട്. |
| (സി) | റയിൽവേ വികസന പദ്ധതികൾ ഊർജ്ജിതമാക്കാനും, പണികൾ വേഗത്തിൽ പൂർത്തിയാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. കൂടാതെ റയിൽവേയുടെ ഭരണ |

സംവിധാനത്തിൽ സംസ്ഥാന സർക്കാരിനു നിയന്ത്രണവുമില്ല. എന്നാൽ സംസ്ഥാനത്തെ എം.പിമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ എല്ലാ വർഷവും സമർപ്പിക്കുന്നത് ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയാണ് സംസ്ഥാന സർക്കാർ ചെയ്തുവരുന്നത്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. എന്നാൽ ആവശ്യത്തിന് ഫണ്ട് റെയിൽവേ യിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതി നാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണ മാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്ത തെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി, പണികൾ സമയ ബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരി നോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി സംസ്ഥാന

സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോകസഭാ, രാജ്യസഭാ എം.പി മാരുടെ യോഗം ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും എം.പിമാർ മുഖേന പാർലമെന്റിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തി വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ